**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കാമാക്ഷി ഗ്രാമപഞ്ചായത്ത് - ഇടുക്കി - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2000-01 ഖണ്ഡിക 31, 41 - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം. 2580/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 11/09/2012**

**പരാമർശം:-**
1) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24/08/2005-ലെ എ 3-216/05 നമ്പർ കത്തും 02/08/2005-ലെ സാധാരണ മീറ്റിംഗിലെ V (2), V(3) നമ്പർ തീരുമാനവും പഞ്ചായത്ത് ഡയറക്ടറുടെ 16/06/2006-ലെ h4-28355/05 നമ്പർ കത്തും
2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 28/05/2009-ലെ L.F. 6006/P.T.2/09 നമ്പർ കത്ത്

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 31, ഖണ്ഡിക 41 എന്നിവയിലെ പരാമർശങ്ങളിൽ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അനുവദനീയമല്ലാത്ത വിവിധ ഇനങ്ങളിൽ ധനസഹായയിനത്തിൽ 12,300/- രൂപ നൽകിയതും സർക്കാർ ആയുർവേദ ആശുപത്രി ഡ്രൈവർക്ക് വേതനം നൽകിയ 20,580/- രൂപയും നിരാകരിച്ചിരുന്നു. ആയതിന് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഭരണ സമിതിയുടെ 02/08/2005-ലെ V(2), V(3) നമ്പർ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 31 പ്രകാരം വിവിധ ഇനങ്ങളിൽ ധനസഹായയിനത്തിൽ 12,300/- രൂപയുടെ ചെലവ് യുക്തമാണെന്ന് തോന്നുന്ന പക്ഷം ടി ഖണ്ഡികയിന്മേൽ സാധൂകരണം നൽകാവുന്നതാണെന്നും ഖണ്ഡിക 41 പ്രകാരം ഗവണ്മെന്റ് ആയുർവേദ

ആശുപത്രി ഡ്രൈവർക്ക് വേതനം നൽകിയ 20,580/- രൂപ ഗവണ്മെന്റിന്റെ അനുവാദം വാങ്ങാത്തത് കാരണമാണ് ചെലവ് തടസ്സപ്പെടുത്തിയതെന്നും ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ 02/08/2005-ലെ V (5) -ാം നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ഖണ്ഡികയും സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 31, 41 എന്നിവ പ്രകാരം നിരാകരിച്ച യഥാക്രമം 12,300/- രൂപയും (പന്ത്രണ്ടായിരത്തി മൂന്നൂറ് രൂപ മാത്രം) 20,580/- (ഇരുപതിനായിരത്തി അഞ്ഞൂറ്റ രൂപ മാത്രം) രൂപയും ചെലവ് നടത്തിയ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
സെക്രട്ടറി, കാമാക്ഷി ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ